# മാമലകൾക്കപ്പുറം

**ചരിത്രപരമായ മലകളിലൂടെയുള്ള യാത്ര**

വി.ഗ്രന്ഥത്തിൽ വളരെ അധികം മലകളെഷറ്റി പ്രതിപാദിക്കുന്നു . പഴയ നിയമത്തിലും പുതിയ നിയമത്തിലും രേഖപ്പെടുത്തിയിരിക്കുന്നവയിൽ കൂടുതൽ ചരിത്ര സത്യങ്ങളും മലകളുമായി ബന്ധപ്പെട്ടിരിക്കുന്നു. യേശു പ്രാർത്ഥിക്കുവാനായി മലമുകളിലേക്ക് പോകുമായിരുന്നുവെന്ന് സുവിശേഷങ്ങളിൽ രേഖപ്പെടുത്തുന്നു. പഴയ നിയമത്തിൽ ദൈവം പ്രവാചകന്മാർക്ക് പ്രത്യക്ഷമാകുന്നതും അവരോടു സംസാരിക്കുന്നതും മലമുകളിലാണ്. പഴയ നിയമത്തിൽ പ്രതിപാദിക്കുന്ന മലകളും അതുമായി അനുബന്ധമുള്ള സംഭവങ്ങളും പുതിയ നിയമത്തിൽ അതെ മലകളിൽ പൂർത്തിക്കരിക്കുന്നത് നമ്മുക്ക് ദർശിക്കാൻ കഴിയും . മലമുകൾ എന്നത് ഭൂമിയിലെ ഏറ്റവും ഉയരുമുള്ളതും , അതിനാൽ തന്നെ സ്വർഗവുമായി ഏറ്റവും അടുത്ത സ്ഥലവുമായി കണ്ടു പോന്നു .

വി. ഗ്രന്ഥത്തിലെ ഏതാനും ചരിത്രപരമായ മലകളിലൂടെ ഉള്ള ഈ യാത്ര കൂടുതൽ ദൈവവുമായി അടുക്കുവാനും പ്രാർത്ഥിക്കുവാനു മുള്ള അവസരമായി മാറ്റാം. മലകളും അതുമായി ബന്ധപ്പെട്ട സംഭവങ്ങളും കൂടുതൽ തീക്ഷണതയോടെ വി. ഗ്രന്ഥം വായിക്കുവാനും, ആന്തരികവും, പ്രതീകാത്മകവും, സനാതനവുമായ അർത്ഥങ്ങൾ മനസിലാക്കുവാനും ചിന്തിക്കുവാനും നമ്മെ പ്രേരിപ്പിക്കുമെന്നു പ്രതീക്ഷിക്കുന്നു.

പ്രാർത്ഥിക്കുവാനായി യേശു മലമുകളിലേക്ക് പോയിരുന്നു എന്ന് വചനത്തിൽ പറയുന്നതു പോലെ , നമ്മുക്കും ആയിരിക്കുന്ന അവസ്ഥയിൽ നിന്നും ആത്മീയമായ ഔന്നത്യത്തിലേക്കു ചലിക്കുവാൻ ദൈവം നമ്മെ നയിക്കട്ടെ...



an initiative by Jesus Youth - Ruwi

Jesus Youth - Oman